# 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1472** | **08-12-2022 - ൽ മറുപടിയ്ക്ക്**

### തവനൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി (3 കോടി, 1 കോടി രൂപ പദ്ധതി) കെട്ടിട നിർമ്മാണത്തിന് ഉത്തരവായിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | തവനൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 3 കോടി, 1 കോടി രൂപ പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിന് തെരഞ്ഞെടുത്ത സ്കൂളുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>എടപ്പാൾ ജി.എച്ച്.എസ്.എസിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി യായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് എസ്.പി.വി യായി കിലയെ ചുമതലപ്പെടുത്തിയ ജി.എച്ച്.എസ്.എസ് കാടഞ്ചേരി, ജി.യു.പി.എസ് പുറത്തൂർ എന്നീ സ്കൂളുകളുടെ പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നു. സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കെ.എം.ജി.വി.എച്ച്.എസ്.എസ് തവനൂർ സ്കൂളിന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. ഫീസിബിലിറ്റി സ്റ്റഡി പൂർത്തിയാക്കി. പുതുക്കിയ ഡി.എസ്.ആർ/ ജി.എസ്.റ്റി നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**1 കോടി കിഫ്ബി പദ്ധതി**<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് എസ്.പി.വി യായി കിലയെ ചുമതലപ്പെടുത്തിയ ചമ്രവട്ടം |

| | | | |
|---|---|---|---|
| | | | ജി.യു.പി.എസിന്റെ ഡി.പി.ആർ അംഗീകരിച്ചു, പുതുക്കിയ ഡി.എസ്.ആർ/ ജി.എസ്.റ്റി നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി. സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ നിർവഹണ ഏജൻസിയായ കില സ്വീകരിച്ചു വരുന്നു.<br><br>തവനൂർ കെ.എം.ജി.യു.പി.എസിന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. coverage issue ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നത്, പരിഹരിക്കപ്പെട്ടിട്ടുണ്ട്. തുടർനടപടികൾ കില സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന്മേലുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ? | (ബി) | തവനൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 3 കോടി, 1 കോടി രൂപ പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിന് തെരഞ്ഞെടുത്ത സ്കൂളുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>എടപ്പാൾ ജി.എച്ച്.എസ്.എസിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി യായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് എസ്.പി.വി യായി കിലയെ ചുമതലപ്പെടുത്തിയ ജി.എച്ച്.എസ്.എസ് കാടഞ്ചേരി, ജി.യു.പി.എസ് പുറത്തൂർ എന്നീ സ്കൂളുകളുടെ പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നു. സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കെ.എം.ജി.വി.എച്ച്.എസ്.എസ് തവനൂർ സ്കൂളിന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. ഫീസിബിലിറ്റി സ്റ്റഡി പൂർത്തിയാക്കി. പുതുക്കിയ ഡി.എസ്.ആർ/ ജി.എസ്.റ്റി നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**1 കോടി കിഫ്ബി പദ്ധതി**<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് എസ്.പി.വി യായി കിലയെ ചുമതലപ്പെടുത്തിയ ചമ്രവട്ടം |

| | | | |
|---|---|---|---|
| | | | ജി.യു.പി.എസിന്റെ ഡി.പി.ആർ അംഗീകരിച്ചു, പുതുക്കിയ ഡി.എസ്.ആർ/ ജി.എസ്.റ്റി നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി. സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ നിർവഹണ ഏജൻസിയായ കില സ്വീകരിച്ചു വരുന്നു.<br><br>തവനൂർ കെ.എം.ജി.യു.പി.എസിന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. coverage issue ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നത്, പരിഹരിക്കപ്പെട്ടിട്ടുണ്ട്. തുടർനടപടികൾ കില സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ